"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 737 04.03.2020 ൽ മറുപടിയ്ക്ക്

പയ്യന്നൂർ മണ്ഡലത്തിൽ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തിയ കാവുകൾ

| | ചോദ്യം<br>ശ്രീ. സി.കൃഷ്ണൻ | | മറുപടി<br>അഡ്വ. കെ. രാജു<br>( വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ) |
|---|---|---|---|
| (എ)<br><br>(ബി) | പയ്യന്നൂർ മണ്ഡലത്തിൽ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തിയ എത്ര കാവുകളാണ് ഉള്ളതെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;<br><br>ഇങ്ങനെയുള്ള കാവുകൾ സംരക്ഷിക്കാനും വിപുലപ്പെടുത്താനുമായി സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (എ)<br>&<br>(ബി) | പയ്യന്നൂർ മണ്ഡലത്തിൽ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തിയ കാവുകളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല.<br>കാവുകളുടെ ജൈവവൈവിധ്യം നിലനിർത്തുന്നതിനും, സംരക്ഷിക്കുന്നതിനുമായി സർക്കാർ ഉത്തരവ് - സ.ഉ (സാധാ) നമ്പർ. 485/16/വനം തീയതി 24.12.2016 പ്രകാരം ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ ഓരോ വർഷവും തെരഞ്ഞെടുത്ത് ധനസഹായം നൽകി വരുന്നുണ്ട്. ജില്ല അടിസ്ഥാനത്തിൽ വർഷം തോറും അപേക്ഷകൾ ക്ഷണിക്കുകയും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ചെയർപേഴ്സണായ ഒൻപത് അംഗ സംസ്ഥാനതല വിദഗ്ധ കമ്മിറ്റിയുടെ തീരുമാനപ്രകാരം അർഹമായ കാവുകൾ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നു. |

Signature valid
Digitally signed by ANJALYDEVI A G
Date: 2020.03.03 15:08:57 IST
Reason: Approved

സെക്ഷൻ ഓഫീസർ